(ബി) എ.ഇ.ഒ., ഡി.ഇ.ഒ. ഓഫീസുകളുടെ പ്രവർത്തനം മികവുറ്റതാക്കാൻ ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ലഭ്യമാക്കുന്നതോടൊപ്പം കമ്പ്യൂട്ടർ ഉൾപ്പെടെ ആധുനിക സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി ഏറ്റവും വേഗം സേവനം ലഭ്യമാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(സി) എ.ഇ.ഒ, ഡി.ഇ.ഒ. ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ സർപ്രൈസ് വിസിറ്റുകൾ നടത്തുന്നതിന് നടപടികൾ ഉണ്ടാകുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല, എന്നാൽ പ്രസ്തുത ഓഫീസുകളുടെ പ്രവർത്തനം മികവുറ്റതാക്കാൻ ഡി.പി.ഐ. തലത്തിൽ ഇൻസ്പെക്ഷൻ നടത്തി പ്രവർത്തനം വിലയിരുത്തുന്നുണ്ട്. കൂടാതെ സെക്ഷൻ ക്ലാർക്കുമാർക്ക് ടെയിനിംഗും നൽകുന്നുണ്ട്.

(ബി) ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്, ജില്ലാ വിദ്യാഭ്യാസ ഓഫീസ് എന്നീ ഓഫീസുകളുടെ നവീകരണത്തിനുവേണ്ടി 2013-14 സാമ്പത്തികവർഷം 49,97,700 (നാൽപ്പത്തി ഒൻപത് ലക്ഷത്തി തൊണ്ണൂറ്റി ഏഴായിരത്തി എഴുന്നൂറ്) രൂപയുള്ള ഫണ്ട് അനുവദിച്ചു. 2014-15 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി 10,37,250 (പത്ത് ലക്ഷത്തി മുപ്പത്തി ഏഴായിരത്തി ഇരുന്നൂറ്റി അൻപത്) രൂപ അനുവദിച്ചിട്ടുണ്ട്.

(സി) അഡീഷണൽ ഡി.പി.ഐ. തലത്തിലുള്ള ഉദ്യോഗസ്ഥർ സർപ്രൈസ് വിസിറ്റ് നടത്തുന്നുണ്ട്.

ഐ.ഇ.ഡി.എസ്.എസ്. റിസോഴ്സ് അദ്ധ്യാപകർ

23(2930) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിവിധ ജില്ലകളിലായി പൂർണ്ണ യോഗ്യത നേടിയ എത്ര ഐ.ഇ.ഡി.എസ്.എസ്. റിസോഴ്സ് അദ്ധ്യാപകർ ജോലി നോക്കുന്നുണ്ടെന്ന് അറിയിക്കാമോ ;

(ബി) ഈ അദ്ധ്യാപകർ എത്ര കാലമായി പ്രസ്തുത ജോലിയിൽ തുടരുന്നുണ്ട് ;

(സി) പ്രസ്തുത അദ്ധ്യാപകരുടെ ജോലി സ്ഥിരത ഉറപ്പുവരുത്തുവാൻ സർക്കാർ അടിയന്തര നടപടികൾ സ്വീകരിക്കുമോ ;

(ഡി) റിസോഴ്സ് അദ്ധ്യാപകരെ സ്ഥിരപ്പെടുത്തുന്നതിലൂടെ സർക്കാരിന് സാമ്പത്തിക ബാധ്യത ഉണ്ടാകുമോ ; വിശദാംശങ്ങൾ നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) കേന്ദ്രാവിഷ്കൃത വിദ്യാഭ്യാസ പദ്ധതിയായ IEDSS പ്രകാരം സംസ്ഥാനത്തിലെ വിവിധ ജില്ലകളിലായി 725 റിസോഴ്സ് അദ്ധ്യാപകർ 2009-10 മുതൽ വിവിധ കാലഘട്ടങ്ങളിലായി നിയമിക്കപ്പെട്ട് ജോലി നോക്കുന്നുണ്ട്.

(സി) കേന്ദ്രാവിഷ്കൃത വിദ്യാഭ്യാസ പദ്ധതിയുടെ കീഴിൽ കരാർ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന റിസോഴ്സ് അദ്ധ്യാപകർക്കെല്ലാം സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഓരോ വർഷവും ഏപ്രിൽ മാസത്തിൽ തന്നെ ജോലിയിൽ തുടരുന്നതിനുള്ള പുനർനിയമനം നടത്തിവരുന്നു.

(ഡി) കേന്ദ്രാവിഷ്കൃത പദ്ധതിയായതിനാൽ IEDSS പദ്ധതിയിലൂടെ കേന്ദ്ര സർക്കാർ റിസോഴ്സ് അദ്ധ്യാപകർക്കുള്ള ശമ്പളം നൽകുന്നിടത്തോളംകാലം സംസ്ഥാന സർക്കാരിന് യാതൊരു ബാധ്യതയും ഉണ്ടാകുകയില്ല.

ഐ.ഇ.ഡി.എസ്.എസ്. റിസോഴ്സ് അദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥകൾ

24(2931) ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.ഇ.ഡി.എസ്.എസ് (Inclusive Education for Disabled at Secondary stage) റിസോഴ്സ് അദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥകൾ നിശ്ചയിച്ചിട്ടുണ്ടോ ;

(ബി) കേരളത്തിൽ ആകെ എത്ര ഐ.ഇ.ഡി.എസ്.എസ്. റിസോഴ്സ് അദ്ധ്യാപകർ കരാർ വ്യവസ്ഥയിൽ ജോലി ചെയ്യുന്നുണ്ടെന്ന് വിശദമാക്കാമോ ;

(സി) ജയരാജൻ കമ്മീഷൻ റിപ്പോർട്ട് അനുസരിച്ച് ഇവരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ) കേന്ദ്രാവിഷ്കൃത വിദ്യാഭ്യാസ പദ്ധതിയായ IEDSS പ്രകാരം സംസ്ഥാനത്തിലെ വിവിധ ജില്ലകളിലായി 725 റിസോഴ്സ് അദ്ധ്യാപകരെ കരാർ അടിസ്ഥാനത്തിൽ സാധാരണ വിദ്യാലയങ്ങളിൽ പഠിക്കുന്ന ഭിന്നശേഷിയുള്ള കുട്ടികളെ സഹായിക്കാനായി സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ഇവർക്ക് 18,665 രൂപ പ്രതിമാസം ശമ്പളമായും ഓണം അലവൻസും 90 ദിവസത്തെ ശമ്പളത്തോടുകൂടിയ മെറ്റേണിറ്റി ലീവും 15 ദിവസത്തെ കാഷ്വൽ ലീവും അനുവദിക്കുന്നു.